റിട്ടയർ ചെയ്ത ശ്രീ. കെ. ഗോപാലൻ നായർക്കു ഗ്രാറ്റുവിറ്റി, പെൻഷൻ എന്നിവ നൽകുവാൻ നടപടി

1403. [1998] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 31-12-1982 ൽ സീനിയർ ലൈൻഫിറ്റർമായി കെ. എസ്. ഇ. ബി. യിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. കെ. ഗോപാലൻ നായർക്കു ഗ്രാറ്റുവിറ്റി പെൻഷൻ എന്നിവ നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്താണ് കാരണം ;

(സി) ശ്രീ. കെ. ഗോപാലൻ നായർക്കു പെൻഷനും. ഗ്രാറ്റുവിറ്റിയും ഉടൻ തന്നെ നൽകാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർ നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി,സി) ശ്രീ. ഗോപാലൻ നായർ പെൻഷൻ തീയതി കഴിഞ്ഞും സർവ്വീസിൽ തുടർന്നതായി കണ്ടതുകൊണ്ട് അക്കാലത്തെ അധികവേതനം തിരിച്ചു പിടിക്കുന്നതിനുള്ള നിർദ്ദേശത്തോടുകൂടി പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള ശുപാർശകൾ അടിയന്തിരമായി സമർപ്പിക്കുന്നതിന് പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വാഹനങ്ങൾ അനധികൃതമായി ഉപയോഗിക്കുന്നത് തടയാൻ നടപടി

1404. [1999] ശ്രീ. കെ. ടി. കുമാരൻ :

,, ടി. കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വാഹനങ്ങൾ സ്വന്താവശ്യത്തിനു ഉപയോഗിക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണ് ;

(ബി) ഉദ്യോഗസ്ഥന്മാർ ബോർഡിന്റെ വാഹനങ്ങൾ അനധികൃതമായി സ്വന്താവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതു തടയാൻ നടപടി സ്വീകരിക്കുമോ ;

(സി) ബോർഡിന്റെ വാഹനങ്ങൾ സൂക്ഷിക്കുന്നതിന് പ്രത്യേക ഗ്യാരേജുണ്ടോ ; ഈ വാഹനങ്ങൾ ആവശ്യം കഴിഞ്ഞ ശേഷം ഗ്യാരേജുകളിൽ സൂക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ബോർഡിന്റെ വാഹനങ്ങൾ അനധികൃതമായി സ്വന്തം വീട്ടിൽ സൂക്ഷിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചെയർമാനും ഫുൾടൈം മെമ്പർമാരും

(ബി) കർശനമായ നിർദ്ദേശങ്ങൾ ഇപ്പോഴും തന്നെ നിലവിലുണ്ട്. ഇവ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. ബോർഡിന്റെ വാഹനങ്ങൾ സാധാരണയായി ബോഡിന്റെ ഗ്യാരേജിൽ തന്നെയാണ് സൂക്ഷിക്കുന്നത്.

(ഡി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly